# ST.MICHAEL'S HSS PRAVITHANAM




# DIGI VISTA

Digital Magazine

Prepared by

2022-25 Batch

Little Kites Unit

St.Michael's HSS Pravithanam



പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ  കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒമ്പതാം ക്ലാസ് വിദ്യാർഥികളായ  ക്ലബ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ 'ഡിജി വിസ്ത' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു.

ഈ അധ്യയന വർഷം ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നു. സാമൂഹ്യ പ്രതിബദ്ധതയുള്ള പല മികച്ച പരിപാടികളും തയ്യാറാക്കുന്നതിലും സംഘടിപ്പിക്കുന്നതിലും ക്ലബ്ബ് മുന്നിട്ടുനിന്നു. അഭിവന്ദ്യ ഗുരുക്കന്മാർ, നാട്ടിലെ സംരംഭം, ഗ്രാമ പുരാവൃത്തം, കുട്ടി അധ്യാപകർ മുതലായ പരിപാടികൾ ജനശ്രദ്ധ ആകർഷിക്കുന്നത് ആയിരുന്നു. സ്കൂളിൽ നടക്കുന്ന എല്ലാ പരിപാടികളുടെയും ഡോക്യുമെന്റേഷൻ ക്ലബ് അംഗങ്ങൾ മനോഹരമായി ചെയ്തു വരുന്നു.

ക്ലബ്ബ് അംഗങ്ങൾക്കും നേതൃത്വം കൊടുക്കുന്ന അധ്യാപകർക്കും എന്റെ പ്രത്യേകമായ അഭിനന്ദനങ്ങൾ നേരുന്നു.വരുംവർഷങ്ങളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികച്ചത് ആകട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

**അജി വി. ജെ.**
**ഹെഡ്മാസ്റ്റർ**

# എഡിറ്റോറിയൽ

'ഡിജി വിസ്ത' യാഥാർത്ഥ്യമാകുന്നു.

പ്രവിത്താനം സെൻറ് മൈക്കിൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2022-25 ബാച്ച് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'ഡിജി വിസ്ത' ജനസമക്ഷം സമർപ്പിക്കുകയാണ്.

ആധുനിക സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിന്റെ ഫലമായി വായനയുടെ സ്വഭാവവും രീതിയും മാറിയിട്ടുണ്ട്. ഇന്ന് ഡിജിറ്റൽ വായനക്കുള്ള പ്രസക്തി വലുതാണ്. ഈ പശ്ചാത്തലത്തിലാണ് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ  കേരളമൊട്ടാകെയുള്ള സ്കൂളുകളിലെ 2022-25 ബാച്ച് വിദ്യാർത്ഥികൾ, അവരുടെ പഠന പ്രവർത്തനത്തിന്റെ ഭാഗമായി 'സ്ക്രൈബസ് സോഫ്റ്റ്‌വെയറിൽ' ഡിജിറ്റൽ മാഗസിനുകൾ തയ്യാറാക്കുന്നത്.

കഥകളും, കവിതകളും, ലേഖനങ്ങളും, വരകളും ഒക്കെയായി വായനയുടെ നവോത്സവത്തിലേക്ക് ക്ഷണിക്കുകയാണ് 'ഡിജി വിസ്ത'.

2022-25 ബാച്ച്
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
സെൻറ് മൈക്കിൾസ് ഹയർ
സെക്കണ്ടറി സ്കൂൾ,
പ്രവിത്താനം

# ഡിജി വിസ്റ്റയിലേക്ക്.....

CONTENTS PAGE


1.നമ്മുടെ സ്കൂൾ -ലഘു ചരിത്രം.......................................................5

2.ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ ..........................................6

3.അമ്മ എന്റെ ദൈവം.....................(Story).......................................12

4.എൻ്റെ റംബൂട്ടാൻ ഓർമ്മ.........(Story).......................................13

5.DRENCHED IN THE FIRST RAIN..(Poem).........................................15

6.JOHN CARLOS..............................(Story).................................16

7.എന്റെ മഴ അനുഭവം.................. (Story).........................................17

8.ചിത്രശലഭം................................(Art).........................................18

**9.Trees, God's Gift......................(Article)...........................**19

**10.Guardians of the Earth..(Article)...............................**......20

11.കേരളം...................................(Poem).........................................21

12.പ്രകൃതി..................................(Story)..........................................22

13.Mystery..................................(Poem).........................................23

14.Man-Made Hazards**..(Article)..............................**................24

15.Man & Destruction**..(Article)..............................**................25

16.LET'S AWAKE.........................(Poem)..................................26

17.Achievements...........................................................................27

18.തനത് പ്രവർത്തനങ്ങൾ.................................................................28

19.വരകൾ.........................................................................................30

# നമ്മുടെ സ്കൂൾ -ലഘു ചരിത്രം

**പ്രവിത്താനത്തിന്റെ പ്രകാശഗോപുരമായി, തലമുറകളുടെ വിളക്കുമരമായി പ്രശോഭിക്കുന്ന സെന്റ് മൈക്കിൾസ്.എച്ച്.എസ്സ്, പ്രവിത്താനം.**




രണ്ട് കളരികളായിട്ടായിരുന്നു പ്രവിത്താനം സ്കൂളിന്റെ തുടക്കം.ഒരു കളരിയിൽ അക്ഷരമാലയും പ്രാർത്ഥനയും പഠിപ്പിച്ചിരുന്നപ്പോൾ മറ്റേ കളരിയിൽ സ്ദ്ധരൂപം,അമരകോശം തുടങ്ങിയ ഉപരി പാഠങ്ങൾ അഭ്യസിപ്പിച്ചിരുന്നു.കോട്ടയം വിദ്യാഭ്യാസ ഡിവിഷന്റെ മേധാവിയായിരുന്ന റാവു സാഹിബ് ഒ.എം.ചെറിയാന്റെ പ്രേരണയും പ്രോൽസാഹനവും നിമിത്തം 1919 -ൽ പ്രവിത്താനം പള്ളി വകയായി സെന്റ് അഗസ്റ്റിൻ മലയാളം സ്കൂൾ സ്ഥാപിതമായി.1923 ജൂൺ 22-ന് ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു.ബ.കൊട്ടാരത്തിൽ അച്ചന്റേയും നാട്ടുകാരുടേയും നിരന്തര പരിശ്രമഫലമായി 6-6-1946-ൽ നമ്മുടെ സ്കൂൾ ഹൈസ്കൂളായി ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി.തുടർന്ന് അദ്ധ്യയന മാധ്യമം ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് മാറ്റുകയും ചെയ്തു.1947 ഡിസംബറിൽ പ്രവിത്താനം സ്കൂളിൽ പബ്ലിക്ക് പരീക്ഷ നടത്താൻ അനുവാദമായി. 2014ൽ ഹയർസെക്കണ്ടറി സ്കീളായി ഉയർത്തി.

പാല എഡ്യൂക്കേഷണൽ ഏജൻസിയാണ് വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത്.

| |
|---|
| REVENUE DISTRICT<br>KOTTAYAM |
| EDUCATIONAL DISTRICT<br>PALA |
| SUB DISTRICT<br>PALA |
| Follow us on: |






Joyal Gigo,9A

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ 2023-24

## ക്യാമ്പോണം 2023

പ്രവിത്താനം സെൻ്റ് മൈക്കിൾ'സ് ഹയർ സെക്കൻഡറി സ്ക്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ 'ക്യാമ്പോണം 2023' നടത്തി. സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് കുട്ടികൾ വ്യത്യസ്തമായ രീതിയിൽ ഓണ വിഭവങ്ങൾ തയ്യാറാക്കി.സ്ക്രാച്ച് ഉപയോഗിച്ചുള്ള ചെണ്ടമേളവും പ്രോഗ്രാമിംഗ് അധിഷ്ഠിത പൂക്കള മത്സരവും ആനിമേഷൻ ഉപയോഗിച്ചുള്ള ഊഞ്ഞാലാട്ടവും വിദ്യാർത്ഥികൾക്ക് വ്യത്യസ്തമായ അനുഭവമായി.മഹാത്മാഗാന്ധി നാഷണൽ ഫൗണ്ടേഷൻ ചെയർമാൻ എബി ജെ. ജോസ് 'ക്യാമ്പോണം' ഉദ്ഘാടനം ചെയ്തു. ഇടമറ്റം കെ.ടി.ജെ.എം. H.S. അധ്യാപിക ജോളി പി. ചെറിയാൻ ക്ലാസുകൾ നയിച്ചു.കൈറ്റ് മാസ്റ്റർ ജിനു ജെ.വല്ലനാട്ട്, കൈറ്റ് മിസ്ട്രസ് വിദ്യാ കെ. എസ്. എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി



# സ്കൂൾതല ക്യാമ്പ് 2023-26


2023- 26 ബാച്ചിന്റെ സ്കൂൾതല ക്യാമ്പ് ജൂലൈ പതിമൂന്നാം തീയതി സ്കൂളിൽ നടന്നു. കൈറ്റ് മാസ്റ്റർ ട്രെയിനർ ശ്രീകുമാർ സാർ ക്ലാസ് നയിച്ചു. പുതുതായി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൽ പ്രവേശനം നേടിയ കുട്ടികൾക്ക് ക്ലാസ് ഏറെ സഹായകരമായിരുന്നു.





# Freedom Fest Activities







# ഏകദിന ക്യാമ്പും ബോധവൽക്കരണ ക്ലാസും

പൊതുവിദ്യാഭ്യാസ വകുപ്പിലെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങളെകുറിച്ച് യൂണിറ്റ് അംഗങ്ങളായ കുട്ടികളുടെ മാതാപിതാക്കളിലും അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ് പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്നു. കോട്ടയം ജില്ലാ കൈറ്റിന്റെ നേതൃത്വത്തിലാണ് കുട്ടികൾക്ക് ഏകദിന ക്യാമ്പും, മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസും നടത്തിയത്. ഹൈസ്കൂളിലെ അഭിരുചിയുള്ള വിദ്യാർത്ഥികളെ എട്ടാം ക്ലാസിൽ തന്നെ കണ്ടെത്തി അവർക്ക് ഇൻഫർമേഷൻ ടെക്നോളജിയുടെ വിവിധ പാഠങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കടന്നുപോകാനുള്ള അവസരമാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരുക്കുന്നത്. സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ പ്രോഗ്രാമിങ്,ആനിമേഷൻ തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം നേടുന്ന വിദ്യാർഥികൾ അവർ ആർജിച്ച അറിവുകൾ ഉപയോഗിച്ച് വിവിധ അസൈൻമെന്റുകളും തയ്യാറാക്കേണ്ടതുണ്ട്. ക്ലബ്ബ് അംഗങ്ങളുടെ മൂന്നുവർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ എസ്. എസ്. എൽ. സി. പരീക്ഷയിൽ അവർക്ക് ഗ്രേസ് മാർക്കിനും അർഹതയുണ്ട്.

കുട്ടികൾക്കുള്ള പ്രോഗ്രാമിംഗ് അധിഷ്ഠിത ക്ലാസിനും മാതാപിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസിനും കോട്ടയം ജില്ലാ കൈറ്റ് മാസ്റ്റർട്രെയിനർ അനൂപ് ഗോപാലകൃഷ്ണൻ നേതൃത്വം നൽകി .





# സാമൂഹ്യപ്രതിബദ്ധതയുടെ പുതിയ പാഠം പകർന്ന് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

Abhiya Abhilash 9 A



സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ തങ്ങൾ പഠിച്ച പാഠങ്ങൾ സമൂഹത്തിന് പകർന്നു നൽകി മാതൃകയായി . സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികളായ ക്ലബ്ബ് അംഗങ്ങളാണ് തങ്ങളുടെ പ്രൊജക്റ്റ് രൂപകല്പനയുടെ ഭാഗമായി വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിച്ചത്.

• സൈബർ സുരക്ഷയെക്കുറിച്ചും ഇൻറർനെറ്റ്- മൊബൈൽ ഫോൺ ഉപയോഗത്തിൽ ഒളിച്ചിരിക്കുന്ന ചതിക്കുഴികളെ കുറിച്ചും വിദ്യാർത്ഥികൾ മാതാപിതാക്കൾക്ക് ക്ലാസ് എടുത്തു. ഗൗരവമേറിയ വിഷയങ്ങൾ ലളിതമായി തങ്ങളുടെ മക്കൾ വിശദീകരിച്ച് തന്നപ്പോൾ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചതായി മാതാപിതാക്കൾ അഭിപ്രായപ്പെട്ടു.

• ക്ലബ് അംഗങ്ങൾ സ്വയം രൂപകല്പന ചെയ്ത ഗെയിമുകളുമായി സമീപ സ്കൂളുകളിലെ ഇളം തലമുറക്കാരെ തേടി ചെന്നപ്പോൾ ഇരുകൂട്ടർക്കും അത് വ്യത്യസ്തമായ ഒരു അനുഭവമായി.

• സ്കൂളിൽ നടന്ന പുരാവസ്തു പ്രദർശനത്തിന്റെ ഡോക്യുമെന്റേഷൻ കുട്ടികൾ തയ്യാറാക്കി അവതരിപ്പിച്ചത് പ്രശംസനീയമായ രീതിയിലായിരുന്നു.

•പൂർവ്വ അധ്യാപകരുടെ അനുഭവങ്ങൾ കേൾക്കാനും അവരുമായി സമയം ചെലവഴിക്കാനും കുട്ടികൾ അവരെ തേടിച്ചെന്നു. ഭൂതകാലത്തിന്റെ അനുഭവ സമ്പത്തിൽ നിന്നും വർത്തമാനകാലത്തേക്കുള്ള ദിശ സൂചികയായി ആ സംഗമങ്ങൾ മാറി.

•സംരംഭകത്വം ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന ആധുനിക കാലഘട്ടത്തിൽ നാട്ടിലെ ഏറ്റവും പ്രായമുള്ള സംരംഭകയുമായി ചെലവഴിച്ച നിമിഷങ്ങളും അര നൂറ്റാണ്ട് കാലത്തെ അവരുടെ അനുഭവങ്ങളും വിദ്യാർഥികൾക്ക് പുതിയ സംരംഭകത്വ പാഠങ്ങളായി.

## അഭിവന്ദ്യ ഗുരുക്കന്മാർ

**2021- 24 ബാച്ചിലെ കുട്ടികളുടെ ഗ്രൂപ്പ് അസൈൻമെന്റിന്റെ ഭാഗമായി 'മുതിർന്ന അധ്യാപകർ' എന്ന വിഭാഗത്തിൽ പുതിയേടത്ത് ജോസഫ് സാറിനെ സന്ദർശിച്ച്, അദ്ദേഹത്തിന്റെ ജീവിത അനുഭവങ്ങൾ മനസ്സിലാക്കി ഡോക്യുമെന്റേഷൻ തയ്യാറാക്കി.**

## ഗ്രാമ പുരാവൃത്തങ്ങൾ



'ഗ്രാമ പുരാവൃത്തങ്ങൾ' എന്ന പ്രവർത്തനത്തിന്റെ ഭാഗമായി സ്കൂളിൽ നടന്ന പുരാവസ്തു പ്രദർശനത്തിന്റെ ഡോക്യുമെന്റേഷൻ കുട്ടികൾ തയ്യാറാക്കി.

## മാതാപിതാക്കൾക്കായി സൈബർ സുരക്ഷ ക്ലാസ്



## പ്രാദേശിക സംരംഭങ്ങൾ

'കാർഷിക- വ്യവസായിക മേഖലകളിൽ ഉള്ള പ്രാദേശിക സംരംഭങ്ങൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രവിത്താനത്തെ ഏറ്റവും പഴയ ബേക്കറി ഉടമയെ സന്ദർശിച്ച് അവരുടെ ജീവിതാനുഭവങ്ങൾ കുട്ടികൾ മനസ്സിലാക്കി.



## കുട്ടി അധ്യാപകർ

ലിറ്റിൽ കൈറ്റ്സ്  ക്ലബ് അംഗങ്ങൾ സ്കൂളിന് അടുത്തുള്ള സെന്റ് അഗസ്റ്റിൻസ് എൽപി സ്കൂളിലെ വിദ്യാർഥികൾക്കായി വിവിധ ഗെയിമുകൾ തയ്യാറാക്കി അവതരിപ്പിച്ചു







# അമ്മ എന്റെ ദൈവം

"ഓ...!എന്തോരം സമയമായി, ഇപ്പം ബസ് വരും. അമ്മ അവിടെ എന്തെടുക്കുവാ, ഒന്ന് പെട്ടെന്ന് ചോറ് കെട്ടി താ..."
 മിക്ക വീടുകളിലും കുട്ടികൾ സ്കൂളിൽ പോകുന്നതിനു മുമ്പുള്ള ബഹളമാണിത്. മക്കൾ ഇത്രയൊക്കെ പറഞ്ഞാലും അമ്മമാർ ഒന്നും തിരിച്ചു പറയാറില്ല. സ്നേഹത്തോടെ, സ്കൂളിൽ പോകാനുള്ള ഒരുക്കങ്ങളൊക്കെ ചെയ്തുതരും.

 കുട്ടികൾ വീടിന്റെ പടിയിറങ്ങുമ്പോൾ അമ്മമാർ പല ഉപദേശങ്ങളും ആയി വരും. " നല്ലോണം പഠിക്കണം, സൂക്ഷിച്ചുവേണം റോഡിൽ കൂടി നടക്കാൻ, ആരെങ്കിലും എന്തെങ്കിലും തന്നാൽ വാങ്ങി കഴിക്കരുത്" എന്നൊക്കെ. പക്ഷേ ഇതൊക്കെ ആര് ശ്രദ്ധിക്കുന്നു. കുട്ടികൾ "ഞാൻ പോകുവാ" എന്നും പറഞ്ഞ് ഒന്നും കേൾക്കാണ്ട് പോകും.

 പിന്നെ തന്റെ മക്കൾ  സ്കൂളിൽ നിന്നും തിരിച്ചു വരുന്നതുവരെ അമ്മയുടെ മനസ്സിൽ തീയാണ്. " അവര് ഭക്ഷണം കഴിച്ചിട്ടുണ്ടാകുമോ നല്ലവണ്ണം ക്ലാസിൽ ശ്രദ്ധിക്കുന്നുണ്ടോ എന്നൊക്കെ".

 സ്കൂൾ വിട്ടു കുട്ടികൾ തിരിച്ചു വീട്ടിൽ വരുമ്പോൾ അമ്മമാരുടെ ചുണ്ടിൽ ഒരു പുഞ്ചിരി വരും. " എന്റെ മക്കൾ വന്നോ "എന്ന് ചോദിച്ചു അടുത്തേക്ക് ഓടി വരും
 കുട്ടികൾ സ്കൂളിൽ പോയി തിരിച്ചു വരുന്നത് വരെയുള്ള അമ്മമാരുടെ
ഉള്ളിലെ തീ ആരും ഓർക്കില്ല . മക്കൾ എന്തൊക്കെ പറഞ്ഞാലും അമ്മമാർ അത് സഹിക്കും," എന്റെ മക്കളല്ലേ" എന്നോർത്ത്. പക്ഷേ മക്കളോ? അമ്മമാർ എന്തു വഴക്ക് പറഞ്ഞാലും അത് തങ്ങളോട് ഇഷ്ടമില്ലാത്തത് കൊണ്ടാണെന്ന് പരിഭവം പറയും. ആ ഒരു ചിന്ത തന്റെ കുട്ടികളുടെ മനസ്സിൽ വന്നു

എന്ന് അറിഞ്ഞാൽ അമ്മമാരുടെ ചങ്ക് പിടയും.
അമ്മ എന്ന വലിയ സ്നേഹത്തിന്റെ വില നമ്മൾ മനസ്സിലാക്കുന്നത് അവർ അടുത്ത് ഇല്ലാതിരിക്കുമ്പോൾ ആയിരിക്കും.
അമ്മ എന്ന ദൈവം നമ്മളിൽ നിന്ന് അകലുമ്പോൾ....



ആർദ്ര സോറിൻ,6 B

# എന്റെ റംബൂട്ടാൻ ഓർമ്മ

നാം തന്നെ നട്ടുപിടിപ്പിക്കുന്ന ഒരു വൃക്ഷത്തിൽ നിന്നും ഒരു പഴവർഗ്ഗം നമ്മുക്ക് കിട്ടിയാൽ, അതിപ്പോൾ ഒരു ചക്ക ആയാലും, മാങ്ങ ആയാലും, അത് വേറെ ഒരു അനുഭവം തന്നെയാണ്.

അങ്ങനെ ഞാനും ഒരു റംബൂട്ടാൻ തൈ നട്ടു. • അച്ഛൻ പാലക്കാട്ട് പോയി വന്നപ്പോൾ കുറെയധികം വാഴവിത്തുകൾ കൊണ്ടു വന്നിരുന്നു. ആ വാഴവിത്തുകൾക്ക് ഇടയിൽ ഒറ്റപ്പെട്ട് ഒരു റംബൂട്ടാൻ തൈ കിടപ്പുണ്ടായിരുന്നു. 2019 ലെ വലിയ പരീക്ഷ കഴിഞ്ഞിട്ടുള്ള രണ്ട് മാസത്തെ അവധികാലത്തായിരുന്നു ഞാൻ ഈ റംബൂട്ടാൻ തൈയെ കണ്ടു മുട്ടിയത്.അമ്മ വീട്ടിൽ ഒന്നും പോയിരുന്നില്ല അതു കൊണ്ടു തേരാപാര നടപ്പായിരുന്നു പ്രധാന പരിപാടി. അങ്ങനെ ഒരു ദിവസമായിരുന്നു ഈ തൈ വീടിന്റെ ഒരു മൂലയ്ക്കായി കിടക്കുന്നത് ഞാൻ കണ്ടത്. അപ്പോൾ തന്നെ എടുത്ത് നോക്കി, അന്നേരം അത് നട്ടിരുന്ന പ്ലാസ്റ്റിക്ക് കവർ പൊട്ടിച്ച് കൊണ്ട് അതിൻ്റെ വേരുകൾ ഭൂമിയെ എത്തി നോക്കിയിരുന്നു. യാതൊരു പണിയും ഇല്ലാത്തത് കൊണ്ടാവാം അതിനെ ഭൂമിയിൽ നിർത്തിയേക്കാം എന്ന് തോന്നി. നേരെ ചെന്ന് തൂമ്പ എടുത്തു. തൂമ്പ എടുക്കുന്ന സമയത്ത് വികൃതികാരനായ ആ തൂമ്പ എൻ്റെ കാലിൽ വീണു. അതൊന്നും ഞാൻ കാര്യമാക്കി എടുത്തില്ല. അതിനെ നടാൻ ഉള്ള സ്ഥലം നോക്കി ഞാൻ നടപ്പായി.അങ്ങനെ കുറച്ചു സമയത്തിന് ശേഷം ഞാൻ ആ സ്ഥലം കണ്ടുപിടിച്ചു.

കുഴി എടുക്കാൻ തുടങ്ങിയപ്പോളാണ് അമ്മയുടെ വരവ്.

"ഇത് എൻ്റെ കൃഷി സ്ഥലമാണ് ഇവിടെ റംബൂട്ടാൻ വേണ്ട ' എന്നായിരുന്നു മറുപടി.

ഇത് കേട്ട ഞാൻ ഇനി ആരുടെയും ഔദാര്യം വേണ്ട എന്ന് വച്ച് ഞാൻ എന്റെതായ ഒരു സ്ഥലം കണ്ടുപിടിക്കുകയായിരുന്നു ചെയ്തത്. സ്ഥലമായപ്പോൾ പിന്നെ അത് നടാൻ ഉള്ള കുഴി ആയിരുന്നു വെല്ലുവിളി ഞാൻ ഭയകര ആരോഗ്യവാനായത് കൊണ്ട് ഒരാളെ കൂടെ കൂട്ടാൻ തീരുമാനിച്ചു. വേറെ ആരുമല്ല ഞാൻ എൻ്റെ അനിയത്തിയെ ആയിരുന്നു വിളിച്ചത്. അവൾ എൻ്റെ കുഴി എടുക്കാൻ വന്നില്ല എന്ന് മാത്രമല്ല, "നിനക്ക് വേറെ പണിയില്ലെ"എന്ന് ചോദിക്കുകയും ചെയ്തു.

എനിക്ക് വാശി ആയി. ഞാൻ തന്നെ മാന്തി, മാന്തി ഒരു കുഴി ഉണ്ടാക്കി എടുത്തു. ആ തൈ കൊണ്ടുവന്നിട്ട് കുറച്ച് നാളുകൾ ആയത് കൊണ്ടാവാം അതിൻ്റെ രണ്ട്, മൂന്ന് ഇലകൾ പൊഴിഞ്ഞ് പോയിരുന്നു. ഞാൻ അതേ അനിയത്തിയുടെ വായിൽ നിന്നും അത് ചീഞ്ഞു പോകും എന്ന് ഒരു വർത്തമാനവും കേട്ടു.

ഓരോ ദിവസവും തുടങ്ങുമ്പോഴും, അവസാനിക്കുൻപോഴും ഞാൻ അതിൻ്റെ ചുവട്ടിൽ പോയി നോക്കും, അതിന് വല്ല കേടുപാടുകൾ ഉണ്ടോ എന്ന്.

ഒരു അഞ്ച് മാസമായപ്പോൾ അത് പൊങ്ങി, പൊങ്ങി ആ കൊല്ലം കയ്യാലയുടെ അത്രയായി. പിന്നെ ഞാൻ എല്ലാവരോടും ചോദ്യമായി എന്നാണ് ഇത് കായ്ക്കുന്നത് എന്ന്. അതിൻ്റെ സീസൺ ആകുമ്പോൾ അത് കായ്ക്കും എന്ന് ഒരു ദേഷ്യ സ്വരത്തിൽ മറുപടിയും കിട്ടി. അത്രയുമായിട്ടും, അനിയത്തിയുടെ വായിൽ നിന്നും നല്ല വാക്ക് കിട്ടിയില്ല. അതിൻ്റെ വേരിൻ്റെ ഭാഗം മുറിഞ്ഞ് പോകുമെന്ന് ഒരു അരുതാത്ത വർത്തമാനവും." അതിൻ്റെ പേരിൽ അന്ന് അടിയായിരുന്നു.

പിന്നെ കാത്തിരുപ്പിൻ്റെ നാളുകളായിരുന്നു......

2020 ഓഗസ്റ്റ് 6 ന് ഒരു ചെറിയ പൂവുണ്ടായി കണ്ടപ്പോൾ നല്ല സന്തോഷം തോന്നി. പിന്നെ ഡിസംബർ ആയപ്പോൾ അതിൽ ഒരു പച്ച കായും കണ്ടു.വീണ്ടും ആ റംബൂട്ടാൻ ഒരു ചുവന്ന നിറത്തിലേക്ക് മാറി. അച്ഛൻ്റെയും യും, അമ്മയുടെയും അഭിനന്ദനവും കിട്ടി. അനിയത്തിയുടെ വായിൽ നിന്നിട്ടും അപ്പോഴും ഒരു നല്ല വാക്ക് പുറത്ത് വന്നിരുന്നില്ല. ബഡ് തൈ ആയത് കൊണ്ടാവാം ഈ കുറഞ്ഞ കാലയളവിൽ അത് കായ്ച്ചത് എന്ന് ഒരു ഒരു അഭിപ്രായവുമുണ്ടായിരുന്നു. മാങ്ങ തിന്നുന്നത് ചോലെ ഉപ്പും മുളകും ഇട്ട് ഞാൻ ഒരു പരീക്ഷണം നടത്തി. പക്ഷെ ആ പരീക്ഷണം വിജയകരമായിരുന്നില്ല, എന്ന് മാത്രമല്ല രണ്ടു ദിവസം ഒരു പ്രത്യേക മുറിയിൽ കയറി ഇറങ്ങേണ്ടിയും വന്നു. ആദ്യത്തെ കായ് ആയതു കൊണ്ടാവാം മധുരം അധികം ഉണ്ടായിരുന്നില്ല. എന്നാലും എനിക്ക് നല്ല സ്വാദ് അനുഭവപ്പെട്ടു.

ഇനിയും ഇതുപോലെ മൂലക്ക് കിടക്കുന്ന തൈകൾക്ക് ഭാവിയിൽ ഒരു ജീവൻ കൊടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു



അഭിനവ് കൃഷ്ണ വി.എസ്
Std X

# DRENCHED IN THE FIRST RAIN



The sun glows in it's supreme power
And all fellows longing for a cold
shower
I'm in search of comfort too,
My mind filled with heat of grieve,
and life never lets them leave.
deep in my heart,whispered someone,
Drench me in the spirit of love,ones!
One day while wandering through,
With a gentle pat on my face,
Landed a drop of melted ice.
Enchanted by a magical feel,
I felt like I won to heal.
Yes,it was a message from the above,
Giving a thought someone's there to love,
The Raindrop-it was a messenger of mercy-
between me and the Lord of simplicity,
The Raindrop-it was a signal of support,
Comming from the belove ones of mine.
The Raindrop-it was killing the grief in there,
and now I see the ray of happiness here
I got drenched in the first rain
letting myself exit from intense pain
My tears of joy was getting mixed
with the spirit of love as a liquid
And for that,now I,m drenched,
And the thirst of mine is quenched.

Bhadhra Anilraj

**സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഇംഗ്ലീഷ് പദ്യ രചന വിഭാഗത്തിൽ എഗ്രേഡ് കരസ്ഥമാക്കിയ ഭദ്ര അനിൽ രാജിന് അനുമോദനങ്ങൾ**

# JOHN CARLOS

John Carlos was born in a big and rich family in England. When he was 12 years old his father left the world. Carlos was active and his favorite game was cricket. He was not good at studies. He started skipping his classes to play cricket with his friends.

One day his mother came to school to meet his teachers. Then she realised that her son is not present there. She got tensed and the teachers told her about his absence in the school.

Mother went back home. When Carlos reached home his mother asked him about all.Carlos told his mother about his plans.

He said "" I like cricket and that is my life "".

But his mother was not able to accept these words. A verbal battle followed and at the end of that Carlos left his house.

Carlos walked through the ground aimlessly. It was noticed by Anton, the cricket coach of under 18 team England.Anton took him to his home and started training him. He started playing matches and gaining applaud.

Days, weeks, months and years passed by. Carlos was selected to the world cup cricket team of England.

His mother was seeing him in tv and newapapers. She also came to watch his son's performance in the final.

Carlos was the opener at that match and he was a little tensed too. His mother's face came to his mind and to his surprise he saw his mother among the crowd. His tension gave way to cofidence. Carlos scored 120 runs from 100 balls and 3 wickets. This led the team to Victory.

Mother was also too happy and they went home peacefully and happily.



Joseph J Vallanattu,8B

# എന്റെ മഴ അനുഭവം

കോരിച്ചൊരിയുന്ന മഴയത്ത്.......
ഞാൻ പുതച്ചു മൂടി കിടന്നു ........മഴയുടെ ശബ്ദം കേട്ട് തിരിഞ്ഞ്
മറിഞ്ഞു ഞാൻ കിടന്നു..........

മഴപെയ്തപ്പോൾ നല്ല മണ്ണിന്റെ മണം ഉയരുന്നു.
വാതിൽ പടിയിലിരുന്ന് ഞാൻ ചൂട് ചായ മോന്തി തണുപ്പിനെ അകറ്റി.

മുറ്റം നിറയെ വെള്ളം നിറഞ്ഞു.
എനിക്കൊരു കുസൃതി തോന്നി .ഒരു ചെറിയ പേപ്പർ എടുത്ത് ഞാൻ
ഒരു വള്ളം ഉണ്ടാക്കി വിട്ടു.

ടി.വി.യിൽ വാർത്ത വെച്ചപ്പോൾ എല്ലായിടത്തും മഴ, വെള്ളപ്പൊക്കം.....
ഞാനൊരു കുടയും എടുത്ത് മുറ്റത്ത് കൂടെ നടന്നു......

ഒഴുകി കുത്തിയൊലിക്കുന്ന വെള്ളം..... ചാലുകളിൽ കാലിട്ട്
ഞാനിരുന്നു. അടുത്തുള്ള തോട്ടിലും നിറയെ വെള്ളം.

അവിടെനിന്ന് നോക്കിയാൽ പാഠം നിറയെ വെള്ളം കവിഞ്ഞൊഴുകുന്നു.
അതുകഴിഞ്ഞ് അടുത്ത വീടിന്റെ മുറ്റത്തേക്ക്........


എന്തൊരു അനുഭവം .........എന്റെ മഴക്കാലം.........



ആൻജോ മാർട്ടിൻ ജോജി 6B

**Elbiya Binoy IX**

# ചിത്രശലഭം



Elbiya Binoy



# Trees, God's Gift

Trees are God's creation
Do not misuse it.

Trees are a blessing for us
Trees are our wealth
Trees gives us health.

Our daily oxygen is from the blessing
Thank god, for this blessing

Our world is full of the green blanket of God.
Some set to destroy and pollute the green blanket.
Some set to grow and plant the green blanket

How beautiful are the trees
Sometimes helps us medicine
Sometimes as a shelter.

Trees are our wealth,
Do not misuse the blessing



**Angelina Thomas**
**Class 9**

# ***Guardians of the Earth***

***Nature, with its unparalleled beauty and intricate complexity , serves as a testament to the awe- inspiring wonder of our planet. From the grandeur of towering mountains to the delicate dance of butterflies in a meadow, nature presents a canvas of infinite marvels that captivate our senses and nourish our soul.***

***Our Responsibility To Protect Nature:***

***As stewards of this planet, its' our responsibility to protect and conserve nature for future generation efforts, sustainable practices environmental education are vital in safeguarding the delicate blance of ecosystems. By reducing our ecological footprints, supporting conservaction initatives and advocating for policies that protect natural habitats, we can contribute to preserving the invaluable gifts that nature bestows upon us.***

***Nature stants as an enduring testament to the magnificence and resilience of our planet. Its beauty enriches our lives, its healing touch restores our spirits, and its ecosystems sustain life itself.***

***As we marvel at the wonder of nature, let us also commit to cherishing, protecting, and nurturing this priceless legacy for the well-being of our world and the generations yet to come.***




Angelin Theres Joji

# കേരളം

ദൈവത്തിൻ സ്വന്തം നാട്ടിൽ
ആർപ്പോവിളികളുടെ
താളമേളങ്ങൾ മുഴങ്ങുന്ന കായലും
പച്ച കുപ്പായമിട്ടാടുന്ന നെൽപ്പാടങ്ങളും
കാറ്റിലാടുന്ന കേര തോപ്പുകളും
പിന്നെ ചെറു പുഴകളും അരുവികളും
നിറഞ്ഞുള്ളതാണെന്റെ കേരളം,
ബഹു സുന്ദരം അതിമനോഹരം

എന്നാൽ അന്നു ഞാൻ കണ്ടൊരാ കേരളം
ഇന്ന് എവിടെ പോയെന്നറിഞ്ഞുകൂടാ എനിക്ക്
ശങ്കരാചാര്യരുടെ നാടായിരുന്ന കേരളം
കണ്ടാൽ ശങ്കിക്കുമിന്നെല്ലാവരും
വെട്ടിമാറ്റിയ മരങ്ങളും  വരണ്ടുണങ്ങിയ പുഴകളും
മണ്ണിട്ടു നികത്തിയ പാടങ്ങളും
മാലിന്യ കൂമ്പാരങ്ങളുമൊപ്പം ഒരുപിടി രോഗങ്ങളും
നിറഞ്ഞതാണിന്നെന്റെ കേരളം



Andrews J Vallanattu, 5B

# പ്രകൃതി

ഒരു ദിവസം ഞാൻ പുറത്തേക്കിറങ്ങി. ചുറ്റും നോക്കിയപ്പോൾ എന്ത് മനോഹരമായ കാഴ്ചകളാണ്....

പാറിപ്പറക്കുന്ന കിളികൾ... അവ ശബ്ദം ഉണ്ടാക്കുന്നു, കൂടുകൂട്ടുന്നു, കുഞ്ഞുങ്ങൾക്ക് തീറ്റ തേടുന്നു... കൈത്തോട്ടിലൂടെ വെള്ളം ഒഴുകുന്ന മനോഹരമായ ശബ്ദം ഞാൻ കേട്ടു. ശരിക്കും അത് പ്രകൃതിയുടെ പൊട്ടിച്ചിരി ആണെന്ന് എനിക്ക് തോന്നി. സൂര്യൻ പുഞ്ചിരിച്ച് ആകാശത്തു നിൽക്കുന്നു. ചിലപ്പോൾ മനോഹരമായ മഴവില്ല്. ഈ കാഴ്ചകൾക്ക് മാറ്റുകൂട്ടുവാൻ വേണ്ടി നല്ല തണുത്ത കാറ്റ്. കാറ്റത്ത് ഇളകിയാടുന്ന മരങ്ങളുടെ ഇലകളിൽ നിന്നും  മഞ്ഞുതുള്ളി താഴേക്ക് പതിക്കാറായി നിൽക്കുന്നു. ഭൂമിയിലെ മനോഹരമായ കാഴ്ചകൾക്ക് കുടപിടിക്കുന്ന മനോഹരമായ നീലാകാശം.....
ഹായ്.... എന്തുരസമാണ് നമ്മുടെ പ്രകൃതി.

പ്രകൃതി നശിക്കാൻ നമ്മൾ അനുവദിക്കരുത്. മരങ്ങൾ വെട്ടി നശിപ്പിച്ച വെള്ളമില്ലാതെ ഭൂമി വരണ്ടുപോയാൽ ഈ പക്ഷികളും മൃഗങ്ങളും  ഒക്കെ എങ്ങനെ ജീവിക്കും. നമ്മുടെ പ്രകൃതിയെ നാം തന്നെ സൂക്ഷിക്കണം.



ഹന്ന മരിയ ഷൈജു, 6

# Mystery

Nature is not a word
To more than we see
To understand about its hard
It's a gift for us.

A gift by God for men
To make and peace
The shinny of sun make day bright
The drops from rain make day cold

The sernity god gives us
Through the kissing drops
And tyhe light falling to our souls
As trapping white pearls



**Cen Abraham Jissmon**
Class 9

# Man-Made Hazards:Environment Impact

As passionate environment activists ,we are the ones to protect our own home,our one and only home earth.Industrial activities contribute to air and water pollution, releasing harmful chemical substance .Deforestation driven by urbanization and industrial activities distrupts natural habitats and kill our biodiversity.

Improper waste management and faults in the waste disposal increase the problem by contaminating soil and water source.Climate change, due to human activities like burning fossil fuels and carbon emission threatens ecosystem and our life on earth.

Additionally the excessive use of chemical pesticides and chemical fertilizers also destroy our nature through many harmful substance.They also kill manyanimals and our biodiversity as a whole.We are carrying the duty to protect our nature as environment lovers.Government should take on many projects to tackle this problem and makethe earth amuch beautiful place to live.
REMEMBER:Our each and every act contributes to a better future and a better life.



Joseph Neo Bince

# Man & Destruction

Ann Mary Wilson



Earth is the only one plant with a habitable atmosphere for human being. The earth which include full green forest ,river and ocean is now being destroying by the erude action of man. while they are destroying the earth,  they also not think that they are reducing every moment of life of the next generation. [ Man is the most sensible and intelligent creature among all the creatures created by god in this  world. But in destroying the earth they are equal to the fool]. They exploit earth for their own luxuries  and wealth  without a thought whether their action will destroy the earth

## Deforestation & Pollution

Humans have been destroying forest for 1000 years. People in all region of the world have burned and cut down forest. [ If we check the world deforestation was estimated at 10 million heactares per year compared to the previous.year,there has been a reduction in the amound of deforestation ] At the same time, another thing in the earth. The  amount of Co2 in the atmospher is increasing due to consumption of plastic, car pollution. [ Depletion of trees and increase in the amount of co2 in the atmosphere and this lead to global warming ]

We see plastic and other rubber materials being burnt. They affect not only the earth but also our homeo stasis.

## Can We Reclaim Our Earth?.

Every phenomenon on earth is related to one another. If we tried to reduce either one we can take back our plant.

Although it is not possible to comepletely stop cutting down trees, there must be a new innovation to product made from wood changes to other materials that are not harmful to nature. Use paper bags instead of plastic bags. On dispose them in an environmentally friendly manner. Public vechicle can be used to reduce automobile pollution

If we do this one by one we can renew our earth. Only by standing together we can make the earth greener and livelier........

# LET'S AWAKE



Malavika Akhil, 9

In the world we live in
there's danger all around
The plastic in our ocean,
the pollution in our streets
The mines and the drills,
that destroys the world

But there's hope
there's still time to change
For our nature , for ourselves
it is in our hand
we can take a stand

So let's come together
let's make an impact.
To protact our world,
to protact our selves

let's make a change,
let's awake

# Achievements







സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഇംഗ്ലീഷ് പദ്യ രചന വിഭാഗത്തിൽ
എഗ്രേഡ് കരസ്ഥമാക്കിയ ഭദ്ര അനിൽ രാജിന് അനുമോദനങ്ങൾ

# ഈ വർഷം സ്കൂളിൽ നടത്തിയ തനത് പ്രവർത്തനങ്ങൾ

## കലണ്ടർ 2024



സ്കൂൾ തയ്യാറാക്കിയ 2024 വർഷത്തെ കലണ്ടർ പാലാ രൂപതാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി മുൻ സെക്രട്ടറി റെവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറത്തിന് നൽകി പ്രകാശനം ചെയ്തു. മനോഹരമായി ഡിസൈൻ ചെയ്തിരിക്കുന്ന കലണ്ടർ കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെടുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത് എന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. സ്കൂളിൽ പഠിക്കുന്ന എല്ലാ വിദ്യാർഥികളുടെയും ഫോട്ടോയും,




സ്കൂളിൽ ആചരിക്കേണ്ട ഒരു വർഷത്തെ മുഴുവൻ ദിനാചരണങ്ങളും ഉൾപ്പെടുത്തിയാണ് കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്. സ്കൂളിൽ കഴിഞ്ഞ വർഷം നടന്ന എല്ലാ പ്രവർത്തനങ്ങളുടെയും ചിത്രങ്ങളും കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളിലെ എല്ലാ കുട്ടികൾക്കും സമീപപ്രദേശങ്ങളിൽ ഉള്ളവർക്കും ആയി ആയിരത്തിൽപരം കോപ്പികളാണ് സൗജന്യമായി വിതരണം ചെയ്തത്.

## LIFE - നൈപുണി വികസന പദ്ധതി

ആധുനിക ജീവിത വെല്ലുവിളികളെ നേരിടാൻ വിദ്യാർത്ഥികളെ കരുത്തുള്ളവർ ആക്കുക, അതിനു സഹായകരമായി വിവിധ വിഷയങ്ങളിൽ പ്രാവീണ്യം തെളിയിച്ച പ്രഗൽഭരുമായി കുട്ടികൾക്ക് സംവാദനത്തിന് അവസരം കൊടുക്കുക എന്നീ ഉദ്ദേശങ്ങളോടെ സ്കൂളിൽ LIFE എന്ന പേരിൽ ഒരു നൈപുണി വികസന പദ്ധതി നടത്തി. ഒരുവർഷം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ആയാണ് പ്രസ്തുത പ്രോഗ്രാം സ്കൂളിൽ നടത്തിയത്. ജോസ് കെ മാണി എം.പി. ഉദ്ഘാടനം ചെയ്തു പ്രസ്തുത കോഴ്സിൽ വിവിധ മേഖലകളിലെ വിദഗ്ധർ ക്ലാസുകൾ നയിച്ചു. ഫിലിം പാർക്ക് ചെയർമാൻ ജോർജുകുട്ടി ആഗസ്തി (പേഴ്സണാലിറ്റി ഡെവലപ്മെന്റ്), പ്രൊഫ.ടോമി ചെറിയാൻ(കരിയർ കൗൺസിലിംഗ് ), ഫാ. ജോസഫ് പുത്തൻപുരയിൽ (വാല്യൂസ് ആൻഡ് മോറാലിറ്റി), ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സി. ഡോണ SCV(സ്ട്രെസ് മാനേജ്മെന്റ്), വൈൽഡ് ലൈഫ് എജ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ റെനി ആർ.പിള്ള(എൻവിയോൺ മെന്റ് മാനേജ്മെന്റ് ), മനോരമ ന്യൂസ് റിപ്പോർട്ടർ അനീറ്റ സെബാസ്റ്റ്യൻ (മീഡിയ ലിറ്ററസി), നിഷ ജോസ് കെ. മാണി (വുമൺ എംപവർമെന്റ് ) എന്നിവർ ക്ലാസുകൾ നയിച്ചു. ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളേജ് (ആർട്ടിഫിഷൽ ഇന്റലിജൻസ്, ഇലക്ട്രോണിക്സ്), പാലാ സെന്റ് തോമസ് കോളേജ് (ഓന്റർപ്രേനേഷിപ്), പാലാ അൽഫോൻസ കോളേജ് (ഹെൽത്തി ലൈഫ് സ്റ്റൈൽ), ഫയർഫോഴ്സ് ഡിപ്പാർട്ട്മെന്റ് (എമർജൻസി പ്രിപ്പയർഡ്നെസ്സ്), എന്നീ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലും വിദഗ്ധ ക്ലാസുകൾ നടന്നു.കോഴ്സ് സമാപന-സർട്ടിഫിക്കറ്റ് വിതരണ ചടങ്ങിൽ പാലാ രൂപത കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി സെക്രട്ടറി ഫാദർ ജോർജ് പുല്ലുകാലായിൽ മുഖ്യ അതിഥിയായിരുന്നു.



# ഫ്ലാഷ് മോബ്

അന്താരാഷ്ട്ര സമാധാന ദിനത്തോടനുബന്ധിച്ച് വ്യാപാരി വ്യവസായി ഏകോപന സമിതിയുമായി ചേർന്ന് പ്രവിത്താനം കവലയിൽ നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾ ഫ്ലാഷ് മോബ് അവതരിപ്പിച്ചു. ബഹു. MLA മാണി C കാപ്പൻ പരിപാടി ഉദ്ഘാടനം ചെയ്തു.ലോകസമാധാനം വെല്ലുവിളികൾ നേരിടുന്ന ആധുനിക സാഹചര്യത്തിൽ ഇത്തരം പരിപാടികൾ പ്രശംസനീയം ആണെന്ന് അദ്ദേഹം പറഞ്ഞു. ലോകസമാധാനത്തിന്റെ സന്ദേശ വാഹകരായി ഇന്നത്തെ വിദ്യാർത്ഥികളാണ് മാറേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.സാമൂഹ്യപ്രതിബദ്ധതയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിൽ പ്രവിത്താനം സ്കൂൾ മറ്റ് വിദ്യാലയങ്ങൾക്ക് മാതൃകയാണെന്ന് എം.എൽ.എ. ശ്രീ. മാണി സി. കാപ്പൻ അഭിപ്രായപ്പെട്ടു. പ്രദേശവാസികളുടെയും, യാത്രക്കാരുടെയും, വ്യാപാരികളുടെയും, മറ്റു പൊതുജനങ്ങളുടെയും ശ്രദ്ധയാകർഷിച്ച ഫ്ലാഷ് മോബ് സ്കൂളിന്റെ ഈ വർഷത്തെ ഒരു വ്യത്യസ്ത പരിപാടിയായിരുന്നു.







# കേക്ക് മിക്സിങ് സെറിമണി






Angel Maria Aji,
Class 9

സിനിമാനടനും, വോളിബോൾതാരവും,എം. എൽ.എ. യുമായ മാണി സി. കാപ്പനെ ഷെഫിന്റെ വേഷത്തിൽ കണ്ടപ്പോൾ കുട്ടികൾക്ക് അത്ഭുതവും അമ്പരപ്പും. പിന്നെ എം. എൽ. എ. യുടെ പുതിയ വേഷപ്പകർച്ച കുട്ടികൾക്ക് കൗതുകമായി മാറി. സിനിമാ നടൻ കൂടിയായ കാപ്പനാകട്ടെ ഈ വേഷപ്പകർച്ച ഹരമാകുകയും ചെയ്തു.

ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി നമ്മുടെ സ്കൂളിൽ നടത്തിയ കേക്ക് മിക്സിംഗ് സെറിമണിയോടനുബന്ധിച്ചാണ് മാണി സി കാപ്പൻ എം. എൽ. എ. ഷെഫിന്റെ വേഷമണിഞ്ഞത്. കേരളത്തിലെ പ്രമുഖ കേക്ക് നിർമ്മാതാക്കളായ തൊടുപുഴയിലെ 'ദ വെൽവെറ്റ് കേക്ക്സ്' ആണ് പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കൻ്ററി സ്കൂളിൽ കേക്ക് മിക്സിംഗ് സെറിമണി സംഘടിപ്പിച്ചത്. പ്രത്യേകം സജ്ജീകരിച്ച പ്ലാറ്റ്ഫോമിലേയ്ക്ക് വിവിധയിനം ഡ്രൈ ഫ്രൂട്ട്സും വൈനും ചേർത്താണ് മിക്സ് ചെയ്യുന്നത്. ചടങ്ങ് ഹൃദ്യവും കുട്ടികൾക്കു പുതുമയുള്ള അനുഭവുമായി മാറി. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം രാജേഷ് വാളിപ്ലാക്കൽ,സ്കൂൾ മാനേജർ ഫാ.ജോർജ് വേളൂപ്പറമ്പിൽ എന്നിവരോടൊപ്പം വിദ്യാർത്ഥികളും അധ്യാപകരും അനധ്യാപകരും പങ്കാളികളായി.






Vyshnavi Jenesh 9B



Kalidhaas Shibu 9B








Ajaykrishna R 9B



Aneeta Mol Vincent 9B







Nandana P



Chinmaya Jayesh 9B










Jilsa Thomas 9B



# *EDITORIAL BOARD*



JERRY ARUN



KALIDHAAS SHIBU



THOMAS BIJO



GEORGIN TOMY



DEVIDARSAN AJI

**Under the Guidance of**
**Jinu J Vallanattu (Kite Master)**
**&**
**Vidhya K S (Kite Mistress)**

# നന്ദിയോടെ....

'ഡിജി വിസ്ത' യഥാർത്ഥ്യമാക്കുന്നതിൽ പങ്കു വഹിച്ച എല്ലാവരോടും...

കോട്ടയം കൈറ്റിലെ എല്ലാ ബഹുമാന്യ ട്രെയിനർമാരോടും,

എല്ലാ സഹായവും ചെയ്തു തന്ന ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ അജി സാറിനോട്,

ഞങ്ങളെ സ്ക്രൈബ്സ് സോഫ്റ്റ്‌വെയർ പഠിപ്പിച്ച ഈ മാഗസിൻ നിർമ്മാണത്തിൽ എല്ലാ പിന്തുണയും ചെയ്തു തന്ന പ്രിയ ജിനു സാറിനും, വിദ്യ ടീച്ചറിനും,

രചനകളും, വരകളുമായി ഡിജി വിസ്തയെ സമ്പന്നമാക്കിയ പ്രിയ കൂട്ടുകാരോട്,

കുറവുകൾ അവഗണിച്ചും ഈ വയനോത്സവത്തിൽ പങ്കാളികളായവർക്ക്,

സർവ്വോപരി, സർവ്വ ശക്തനായ ദൈവത്തോട്...

2022-25 ബാച്ച് ,
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
സെൻറ് മൈക്കിൾസ് ഹയർ
സെക്കണ്ടറി സ്കൂൾ,
പ്രവിത്താനം